പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 2036 26-03-2013 ൽ മറുപടിക്ക്

## വൈദ്യുതി ലൈനിലെ പണിക്കിടയിലുണ്ടാകുന്ന അപകടങ്ങൾ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ലൈനിൽ പണിയെടുത്തു കൊണ്ടിരിക്കെ എത്ര പേർക്കാണ് അപകടം സംഭവിച്ചിട്ടുള്ളത്; ആയതിൽ ബോർഡ് ജീവനക്കാർ എത്ര; പ്രസ്തുത അപകടങ്ങളിൽ മരണപ്പെട്ടവർ, ഗുരുതര പരിക്കേറ്റവർ എത്ര എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ;

(എ)

| | |
|---|---|
| ഈ സർക്കാർ അധികാരമേറ്റ 2011 മേയ് മുതൽ 2013 ഫെബ്രുവരി വരെയുള്ള കാലയളവിൽ ആകെ അപകടം സംഭവിച്ചത് | 875 |
| **ബോർഡ് ജീവനക്കാർ** | 240 |
| മരണപ്പെട്ടവർ | 27 |
| പരിക്കേറ്റവർ | 213 |
| **കരാർ തൊഴിലാളികൾ** | 137 |
| മരണപ്പെട്ടവർ | 26 |
| പരിക്കേറ്റവർ | 111 |
| **പൊതുജനങ്ങൾ** | 498 |
| മരണപ്പെട്ടവർ | 335 |
| പരിക്കേറ്റവർ | 163 |

(ബി) വൈദ്യുതി ലൈനിൽ പണിയെടുക്കുന്ന കരാർ തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോഴും ജീവഹാനിയുണ്ടാകുമ്പോഴും നഷ്ടപരിഹാരം നൽകാൻ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് എന്നറിയിക്കുമോ ;

(ബി) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന കരാർ തൊഴിലാളികൾക്ക് ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ, ജീവഹാനി സംഭവിക്കുകയോ ചെയ്താൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ചാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

അപകടത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മരണപ്പെടുന്ന വ്യക്തിയുടെ പ്രായത്തിനും മാസവേതനത്തിന്റെയും അടിസ്ഥാനത്തിൽ 1923 ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് 3,97,480/- രൂപ മുതൽ 9,14,160/- രൂപവരെ നഷ്ടപരിഹാരമായി വൈദ്യുതിബോർഡിൽ നിന്നും നൽകി വരുന്നുണ്ട്. കൂടാതെ ശവസംസ്കാരചെലവിനായി 5,000/- രൂപയും ലഭിക്കുന്നതിന് അർഹതയുണ്ട്.

മാരകമല്ലാത്ത അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തു കൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ മാസികാവേതനം, സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യ മുണ്ടായാൽ മെഡിക്കൽ ബോർഡ് നൽകുന്ന അംഗ വൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം എന്നിവയും ലഭിക്കുന്നതിന് അർഹതയുണ്ട്.

എന്നാൽ 3 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് ജോലിക്കിടെ അപകടം സംഭവിക്കുകയാ ണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. 3 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകട മരണം സംഭവിക്കുന്ന തൊഴിലാളിക്ക് ലഭിക്കേണ്ടുന്നതായ നഷ്ടപരിഹാരതുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും ടി തുക ബന്ധപ്പെട്ട എംപ്ലോയീസ് കോമ്പൻസേഷൻ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീസിൽ കെട്ടിവയ്ക്കുവാൻ കരാറുകാരന് രേഖാമൂലം നിർദ്ദേശം നല്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (സി) | നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ഇല്ലെങ്കിൽ അപകടത്തിൽപ്പെട്ടവരുടെ ചികിത്സാചെലവ്, ജീവഹാനിയുണ്ടായാൽ നഷ്ടപരിഹാരം,കടുംബത്തിലെ ആശ്രിതർക്ക് ജോലി എന്നിവ നൽകുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ജോലിക്കിടയിൽ കരാർ തൊഴിലാളികൾക്കുണ്ടാകുന്ന മാരകവും മാരകവുമല്ലാത്ത അപകടങ്ങൾക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരമുള്ള നഷ്ടപരിഹാരത്തിന് വ്യവസ്ഥയുണ്ട്. എന്നാൽ ബോർഡിൽ നിലവിലുള്ള നിയമപ്രകാരം അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്ക് ചികിത്സാ ചെലവിനും മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ആശ്രിതനിയമനത്തിനും വ്യവസ്ഥയില്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ